പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1766

17/12/2012-ൽ മറുപടിക്ക്

# തലസ്ഥാന വികസന സമിതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു: മുഖ്യമന്ത്രി |
| (എ) തലസ്ഥാന നഗരവികസനത്തിനു വേണ്ടി മുഖ്യമന്ത്രി അധ്യക്ഷനായി രൂപീകരിച്ച സമിതി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്നു വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത സമിതി എത്ര തവണ യോഗം ചേർന്നിട്ടുണ്ടെന്നും പ്രസ്തുത യോഗങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ? | (എ) & (ബി) | 07-02-2012 ലെ സ. ഉ. (എം.എസ്) 27/2012/തസ്വഭവ പ്രകാരം തലസ്ഥാന മേഖലയുടെ സർവതോന്മുഖമായ വികസനത്തിനായി ബഹു. മുഖ്യമന്ത്രി അധ്യക്ഷനായും നഗരവികസന മന്ത്രി ഉപാധ്യക്ഷനായും ആരോഗ്യവകുപ്പ് മന്ത്രി കൺവീനറായും ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി, പ്രസ്തുത ഉത്തരവിൻ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി നിലവിലുള്ള എംപവേർഡ് കമ്മിറ്റി പുന:രൂപീകരിക്കുകയുണ്ടായി.<br><br>10.4.12ൽ ഒരു ഉപദേശകയോഗം (consultative workshop) നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (സാധാ) നം. 3678/2012/പൊ.ഭ.വ. തീയതി 04-05-12 പ്രകാരം തലസ്ഥാന മേഖല വികസനത്തിനായി യോജിച്ച പദ്ധതികൾക്കായി 5 സബ്കമ്മിറ്റികൾ രൂപീകരിക്കുകയുമുണ്ടായി. കമ്മിറ്റി ഓൺ ട്രാൻസ്പോർട്ടേഷൻ. കമ്മിറ്റി ഓൺ ഹെരിറ്റേജ് & കൾച്ചർ, കമ്മിറ്റി ഓൺ യൂട്ടിലിറ്റീസ്, കമ്മിറ്റി ഓൺ മാസ്റ്റർ പ്ലാനിംഗ് എന്നിവയാണ് പ്രസ്തുത സബ്കമ്മിറ്റികൾ. സബ്കമ്മിറ്റി കളുടെ ആദ്യത്തെ യോഗം 10-05-2012 ന് |

കൂടുകയുണ്ടായി. 27-07-12 ൽ ചെയർമാനും കൺവീനറും ഉൾപ്പെട്ട സബ്കമ്മിറ്റിയോഗം വീണ്ടും കൂടുകയും പ്രസ്തുതയോഗ ത്തിൽ ഇരുപതോളം പ്രോജക്ടു കൾ സമർപ്പിക്കുകയു മുണ്ടായി.

30-07-12 ൽ പ്രോജക്ടുകൾ ഫൈനലൈസുചെയ്യുന്നതിനുള്ള ഒരു യോഗം കൂടുകയും അതിൽ പത്തെണ്ണം തിരഞ്ഞെടു ക്കുകയും ചെയ്തു. മുഖ്യമന്ത്രി അധ്യക്ഷനായി 08-08-2012 ൽ സബ്കമ്മിറ്റികളുടെ മീറ്റിംഗ് കൂടുകയുണ്ടായി. 31-10-2012 ൽ തിരഞ്ഞെടുത്ത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്ന തിനായി ബഹു. മുഖ്യമന്ത്രി അധ്യക്ഷനായുള്ള യോഗം കൂടുകയുണ്ടായി. സ.ഉ. (സാധാ) നം. 9389/2012/പൊ.ഭ.വ. തീയതി 12-11-2012 പ്രകാരം മുഖ്യമന്ത്രി അധ്യക്ഷനായും ബഹു. ധനകാര്യമന്ത്രി ഉപാധ്യക്ഷനായും വ്യവസായം, നഗരവികസനം, ജലവിഭവം, പൊതുമരാമത്ത് വകുപ്പ് മന്ത്രിമാർ അംഗങ്ങളായും ബഹു. ആരോഗ്യവകുപ്പ് മന്ത്രി കൺവീനറായും ഹൈപവർ കമ്മിറ്റിയും ചീഫ് സെക്രട്ടറി ചെയർമാനായി എംപവേർഡ് കമ്മിറ്റിയും പുനർരൂപീകരിക്കുകയും ചെയ്തു. 29-11-12 ൽ എംപവേർഡ് കമ്മിറ്റി യോഗം കൂടുകയുണ്ടായി. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും നിർവഹണത്തിന് പ്രാരംഭം കുറിയ്ക്കുന്നതിനുമായി 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾക്ക് വകയിരുത്തുന്നതിനുള്ള നിർദ്ദേശം പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

1. ലിങ്ക് റോഡുകളുടെയും റിങ് റോഡുകളുടെയും നിർമ്മാണം

2. പാർക്കിംഗ് പ്ലാസ,

3. മാർക്കറ്റുകൾ, ഷോപ്പിംഗ് സ്ട്രീറ്റുകൾ. പാർക്കുകൾ എന്നിവയുടെ നവീകരണം

3. തിരുവനന്തപുരം നഗരത്തിന്റെ ഹരിതവത്ക്കരണം

പ്രസ്തുത പ്രോജക്ടുകൾ പ്ലാനിംഗ് ബോർഡ് വിശദമായി പരിശോധിച്ച ശേഷം പശ്ചാത്തല വികസനം ഏറ്റെടുത്തിരിക്കുന്ന വിവിധ ഏജൻസികളുമായി ചർച്ച ചെയ്ത് അനന്തര നടപടി കൈക്കൊള്ളുമെന്ന് പ്ലാനിംഗ് കമ്മിഷൻ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു യോഗം കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. 12..11..12 ലെ സ.ഉ. (സാധ) 389/2012/പൊ.ഭ.വ. പ്രകാരം മുഖ്യമന്ത്രി അധ്യക്ഷനായി ഹൈപവർ കമ്മിറ്റിയും ചീഫ് സെക്രട്ടറി അധ്യക്ഷനായി എംപവേർഡ്കമ്മിറ്റിയും പുനർരൂപീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**